ഉത്തരം

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേകളായ നാഷണൽ ഹൈവേ 47, നാഷണൽ ഹൈവേ 47-എ, നാഷണൽ ഹൈവേ 17, നാഷണൽ ഹൈവേ 49, നാഷണൽ ഹൈവേ 208 എന്നിവയുടെ വികസനത്തിന് വാർഷിക പദ്ധതിയിൽപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റോഡ് ബലപ്പെടുത്തുന്ന പണികൾ, വീതി കൂട്ടുന്ന പണികൾ, നിലവിലുള്ള പാലങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതിയ പാലങ്ങളുടെ പണികൾ എന്നിവ ഓരോ വർഷവും ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ വികസനത്തിനായി 1998-99 സാമ്പത്തിക വർഷത്തിൽ 6187.92 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) 1999-2000 വാർഷിക പദ്ധതിയിൽ നാഷണൽ ഹൈവേകളുടെ വികസനത്തിന് 152.10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) 1999-2000 വർഷത്തിൽ നാഷണൽ ഹൈവേകളുടെ വികസനത്തിനായി കേന്ദ്ര വിഹിതമായി 78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 13 കോടി രൂപ എക്സ്റ്റേണലി എയ്ഡഡ് പ്രോജക്ടിന് വേണ്ടിയുള്ളതാണ്.

(ഇ)&(എഫ്) നാഷണൽ ഹൈവേകളുടെ വികസനത്തിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധം 1ലും 2ലും ആയി കാണാം. അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരം അനുബന്ധം രണ്ടിൽ കാണാം.*

(ജി) പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

സ്റ്റേറ്റ് ഹൈവേ

95 (878)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്റ്റേറ്റ് ഹൈവേകൾക്ക് ഭരണാനുമതി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) അവയുടെ പേരു വിവരം, ഓരോ ഹൈവേയുടെയും ദൈർഘ്യവും അവ കടന്നുപോകുന്ന സ്ഥലങ്ങളും വിശദീകരിക്കുമോ;

(സി) ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകൾ പൂർത്തിയാക്കുവാൻ എത്ര കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) നിർദ്ദിഷ്ട സ്റ്റേറ്റ് ഹൈവേകളിൽ ഒരോന്നിലും എത്ര കിലോമീറ്റർ പണിക്കുള്ള അനുമതിയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്; അവയുടെ പേര് വ്യക്തമാക്കുമോ; ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ള ജോലികൾക്ക് എത്ര കോടി രൂപവകയിരുത്തിയിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഹൈവേകളുടെ പൂർത്തീകരണത്തിന് ഏതെങ്കിലും ധന കാര്യ ഏജൻസികളുടെ പ്രത്യേക സഹായം ലഭ്യമായിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത ഏജൻസിയുടെ പേര് വ്യക്തമാക്കുമോ;

(ജി) എത്ര കോടി രൂപയുടെ സഹായാഭ്യർത്ഥനയാണ് പ്രസ്തുത ഏജൻസികൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സ്റ്റേറ്റ് ഹൈവേകളുടെ പേരും ദൈർഘ്യവും കടന്നുപോകുന്ന സ്ഥലങ്ങളും അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(സി) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി)-(ജി) വിവരം ശേഖരിച്ചുവരുന്നു.

ഹൈവേ വികസനം

96 (879)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ മുതൽ തൃശ്ശൂർ വരെയുള്ള സംസ്ഥാന ഹൈവേ വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള നടപടിക്രമം എന്തായി എന്ന് വിശദമാക്കുമോ?

ഉത്തരം

കൊടുങ്ങല്ലൂർ മുതൽ തൃശ്ശൂർ വരെയുള്ള സംസ്ഥാന ഹൈവേ വീതി കൂട്ടി വികസിപ്പിക്കുന്നതിന് 3 കോടി രൂപയുടെ ഒരു ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുകയാണ്.

തൃശ്ശൂർ ജില്ലയിലെ സ്റ്റേറ്റ് ഹൈവേകൾ

97 (880)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള സ്റ്റേറ്റ് ഹൈവേകൾ ഏതൊക്കെയാണ്;

(ബി) ആനക്കല്ല്-പാലയ്ക്കൽ-കുണ്ടോളിക്കടവ്-തൃപ്രയാർ റോഡ് ഇപ്പോൾ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തുന്നത്.

(സി) ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതിന് ഉദ്ദേശിക്കുന്നത്;

(ഇ) എൻ.എച്ച്. 17 ഉം എൻ.എച്ച്. 47ഉം തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് എന്ന നിലയിൽ പ്രാധാന്യം കണക്കിലെടുത്ത് റോഡ് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly